"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തു നിന്നും ഡ്രഡ്ജ് ചെയ്തു ലഭിക്കുന്ന സ്പോയിലിന്റെ വില പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.398/2022/F&P/2022/മതുവ തീയതി,തിരുവനന്തപുരം, 30-06-2022

---

പരാമർശം:- 1. 27/12/17-ലെ സ.ഉ.(സാധാ) 989/2017/മതുവ

2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 9/2/2022 ലെ ഡി8-6789/2016/സി.ഇ-1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തെ ഡമ്പിംഗ് യാർഡുകളിൽ ശേഖരിച്ചിരിക്കുന്ന സ്പോയിൽ ക്യൂബിക് മീറ്ററിന് 216/- രൂപ + ജി.എസ്.ടി. നിരക്കിൽ വില നിശ്ചയിച്ച്, ആവശ്യക്കാർക്ക് വിൽപ്പന നടത്തുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2) മാപ്പിളബേ ഫിഷറി ഹാർബറിൽ 82.50 ലക്ഷം രൂപയ്ക്ക് ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും നിലവിൽ പുരോഗമിച്ച് വരുന്ന പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ട 49,500 ക്യൂബിക് മീറ്റർ ഡ്രഡ്ജ് ചെയ്യുമ്പോൾ കരയിൽ ഏകദേശം 19,800 ക്യൂബിക് മീറ്റർ സ്പോയിൽ നിക്ഷേപം ഉണ്ടാകും എന്ന് അനുമാനിക്കുന്നുവെന്നും നിലവിലുള്ള റേറ്റായ ക്യൂബിക് മീറ്ററിന് 216/- രൂപ + ജി.എസ്.ടി. വിലയിൽ തന്നെ തുടരുന്നത് വിൽപ്പനയ്ക്ക് സഹായകരമാണെങ്കിലും, സർക്കാർ നിരക്കുകൾ വർദ്ധിച്ച സാഹചര്യത്തിൽ 15% വർദ്ധനവോടെ 250/- രൂപ + ജി.എസ്.ടി. എന്ന നിലയിൽ നിരക്ക് പുതുക്കി നിശ്ചയിക്കാവുന്നതാണെന്നും ആയതിനാൽ ഈ കരാറിൽ ഉൾപ്പെട്ട സ്പോയിൽ വില്പന നടത്തുന്നതിന് ക്യൂബിക് മീറ്ററിന് 250/- രൂപ + ജി.എസ്.ടി. നിരക്ക് അംഗീകരിച്ച് നൽകണമെന്നും പരാമർശം (2) പ്രകാരം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തു നിന്നും ഡ്രഡ്ജ് ചെയ്തു ലഭിക്കുന്ന സ്പോയിലിന്റെ വില ക്യൂബിക് മീറ്ററിന് 250/- രൂപ + ജി.എസ്.ടി. നിരക്കിൽ, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

i. ഈ വില പൊതു ലേലത്തിൽ നിന്നു ലഭിക്കുന്നതിനേക്കാളും കുറയുവാൻ പാടില്ലാത്തതും, നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്കനുസൃതമായാണ് ഡ്രെഡ്ജ് ചെയ്തു വസ്തുക്കളുടെ വിൽപ്പന നടത്തുന്നതെന്നും ചീഫ് എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്.

ii. ഡ്രഡ്ജ് ചെയ്ത് ലഭിച്ച  വസ്തുക്കളെ സംബന്ധിച്ച ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതും, ഡ്രഡ്ജ് ചെയ്ത വസ്തുക്കളുടെ  കൃത്യമായ അളവ് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:-

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (18/05/2022 ലെ 2044807/ഡെവ 3/61/22-ധന നമ്പർ കുറിപ്പ് പ്രകാരം )
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
കരുതൽ ഫയൽ/  ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ